31
2024
ഡിസംബർ
ചൊവ്വ
ധനു 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.40 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-40 | പേജ് 4. വില 2.00 രൂപ




02 ടി.പി വധക്കേസ് പ്രതി കൊടി സുനിക്ക് 30 ദിവസത്തെ പരോൾ

03 ഒറ്റക്കൊമ്പൻ ചിത്രീകരണം ആരംഭിച്ചു

04 തിരുവനന്തപുരം അതിരൂപതയിൽ ജൂബിലി വർഷത്തിന് തുടക്കമായി

## ചരിത്രം രചിക്കാൻ ഇന്ത്യ

# സ്പെയ്ഡെക്സ് വിക്ഷേപണം വിജയം



ശ്രീഹരിക്കോട്ട: ഇന്ത്യൻ ബഹിരാകാശ ഏജൻസി ഐ.എസ്.ആർ.ഒയുടെ സുപ്രധാന ദൗത്യമായ സ്പെയ്ഡെക്സ് വിജയകരമായി വിക്ഷേപിച്ചു. ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ സ്ഥിതി ചെയ്യുന്ന സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് തിങ്കളാഴ്ച രാത്രി 10 മണിക്കാണ് സ്പെയ്ഡെക്സ് (ടുമഉലത ടുമരല ഉീരസശിഴ ൃലുലൃശാലിേ) ദൗത്യവുമായി പി.എസ്.എൽ.വി. 60 റോക്കറ്റ് വിക്ഷേപിച്ചത്. 220 കിലോഗ്രാം വീതം ഭാരമുള്ള ചേസർ (എസ്.ഡി.എക്സ്. 01), ടാർഗറ്റ് (എസ്.ഡി.എക്സ്. 02) ഉപഗ്രഹങ്ങളാണ് പ്രധാന പേ ലോഡുകൾ. കൂടാതെ 24 പരീക്ഷണോപകരണങ്ങൾകൂടി ദൗത്യത്തിലുണ്ട്. റോക്കറ്റിന്റെ മുകൾഭാഗത്തുള്ള ഓർബിറ്റൽ എക്സ്പെരിമെന്റൽ മൊഡ്യൂളിലാണ് (പോയെം) ഈ ഉപകരണങ്ങൾ ഭൂമിയെ ചുറ്റുക.

സ്പെയ്ഡെക്സ് ദൗത്യത്തിനായുള്ള പി.എസ്.എൽ.വിസി 60 റോക്കറ്റ് വിക്ഷേപണം വിജയകരമായി പൂർത്തിയാക്കിയെന്ന് ഐ.എസ്.ആർ.ഒ. ചെയർമാൻ എസ്. സോമനാഥ് പറഞ്ഞു. രണ്ട് ഉപഗ്രഹങ്ങളേയും റോക്കറ്റ് കൃത്യമായി ഭ്രമണപഥത്തിലെത്തിച്ചുവെന്നും ഭ്രമണപഥത്തിലെത്തിയ ഉപഗ്രഹങ്ങൾ വേർപെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജനുവരി ഏഴിനാകും ഡോക്കിങ് പ്രക്രിയ നടക്കുക എന്ന് പറഞ്ഞ ഐ.എസ്.ആർ.ഒ. ചെയർമാൻ ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരെയും അഭിനന്ദിച്ചു.

ഭൂമിയിൽ നിന്ന് 470 കിലോമീറ്റർ അകലെ വൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലാണ് ഉപഗ്രഹങ്ങളെ എത്തിക്കുക. ഏതാനും ദിവസങ്ങൾക്കകം ഉപഗ്രഹങ്ങൾ തമ്മിൽ 20 കിലോമീറ്ററോളം അകലും. പിന്നീട് ഭൂമിയെ ചുറ്റുന്നതിനിടെ ഘട്ടംഘട്ടമായി അവതമ്മിലുള്ള അകലം കുറച്ചുകൊണ്ടുവന്നശേഷം രണ്ടും കൂട്ടിയോജിപ്പിക്കും (ഡോക്കിങ്). ഊർജവും വിവരങ്ങളും പങ്കുവെച്ച് ഒരൊറ്റപേടകം പോലെ പ്രവർത്തിച്ചശേഷം അവയെ വേർപെടുത്തുകയും ചെയ്യും (അൺഡോക്കിങ്). ഇതിനുശേഷം രണ്ടു വ്യത്യസ്ത ഉപഗ്രഹങ്ങളായി ഇവ രണ്ടുവർഷത്തോളം പ്രവർത്തിക്കും.

ഇതാദ്യമായാണ് ഇന്ത്യ ബഹിരാകാശത്തുവെച്ച് ഡോക്കിങ് പരീക്ഷിക്കുന്നത്. അതിനാലാണ് സ്പെയ്ഡെക്സ് ദൗത്യം നിർണായകമാകുന്നത്. ബഹിരാകാശത്തുവെച്ച് ഡോക്കിങ്ങും അൺഡോക്കിങ്ങും വിജയകരമായി പൂർത്തിയാക്കിയാൽ ഈ നേട്ടം കൈവരിക്കുന്ന നാലാമത്തെ രാജ്യമാകും ഇന്ത്യ. നിലവിൽ യു.എസ്, റഷ്യ, ചൈന, എന്നീ രാജ്യങ്ങൾ മാത്രമാണ് സ്പെയ്സ് ഡോക്കിങ് നടപ്പാക്കിയിട്ടുള്ളത്. പലതവണ വിക്ഷേപിച്ച വ്യത്യസ്ത ഘടകഭാഗങ്ങൾ കൂട്ടിയോജിപ്പിച്ച് അന്താരാഷ്ട്ര ബഹിരാകാശ നിലയം (ഐ.എസ്.എസ്) നിർമിച്ചത് ഈ സാങ്കേതിക വിദ്യയിലൂടെയാണ്.

ചാന്ദ്രപര്യവേക്ഷണമായ ചാന്ദ്രയാനിന്റെ അടുത്തഘട്ടത്തിനും മനുഷ്യനെ ബഹിരാകാശത്തെത്തിക്കുന്നതിനുള്ള ഗഗൻയാനിനും സ്പെയ്സ് ഡോക്കിങ് ഉപയോഗപ്പെടുത്താനാവും. ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ എന്നപേരിൽ ഇന്ത്യ വിഭാവനം ചെയ്യുന്ന ബഹിരാകാശനിലയവും ഇതുപോലെ വ്യത്യസ്ത പേടകങ്ങൾ ഒരുമിച്ചുചേർത്തുകൊണ്ടാവും നിർമിക്കുക.

ഐ.എസ്.ആർ.ഒ.യുടെ പുതിയ ദൗത്യത്തിൽ ബഹിരാകാശത്ത് പയറും ചീരയും മുളപ്പിക്കാനുള്ള പരീക്ഷണങ്ങളുമുണ്ട്. ആദ്യമായാണ് ഇന്ത്യ ബഹിരാകാശത്തേക്ക് ജൈവകോശങ്ങൾ അയക്കുന്നത്. ബഹിരാകാശ സാഹചര്യങ്ങളിൽ കോശവളർച്ചയും സ്വഭാവവും പഠിക്കുന്നതിന് മുംബൈയിലെ അമിറ്റി സർവകലാശാല തയ്യാറാക്കിയ അമിറ്റി പ്ലാന്റ് എക്സ്പെരിമെൻൽ മൊഡ്യൂളിലാണ് ഈ പരീക്ഷണം നടക്കുക. പരീക്ഷണ മോഡ്യൂളിൽ 14 എണ്ണം ഐ.എസ്.ആർ.ഒ.യും ഇന്ത്യയുടെ ബഹിരാകാശ ഗവേഷണവകുപ്പും നിർമിച്ചതാണ്. സ്റ്റാർട്ടപ്പുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും നിർമിച്ചവയാണ് ബാക്കിയുള്ള പത്തെണ്ണം. ബഹിരാകാശമാലിന്യം പിടിച്ചെടുക്കാനുള്ള റോബോട്ടിക് കൈയുടെ പരീക്ഷണവും ഇതിലുൾപ്പെടുന്നു.



## വയനാട്ടിലേത് അതിതീവ്ര ദുരന്തമെന്ന് കേന്ദ്രം, പ്രത്യേക പാക്കേജിൽ വ്യക്തമായ ഉത്തരമില്ല

തിരുവനന്തപുരം: വയനാട്ടിലേത് തീവ്രസ്വഭാവമുള്ള ദുരന്തമാണെന്ന് കേന്ദ്രം. ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തെ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരളം അയച്ച കത്തിന് മറുപടിയായി ആഭ്യന്തരമന്ത്രാലയം ജോയിൻ സെക്രട്ടറി രാജേഷ് ഗുപ്ത റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിന് അയച്ച കത്തിലാണ് ഈ പരാമർശം. തീവ്രതയും ആഘാതവും കണക്കിലെടുത്ത്, വയനാട് ജില്ലയിലെ ഉരുൾപൊട്ടലിനെ കേന്ദ്ര സംഘം 'അതിതീവ്രമായ' ദുരന്തമായി തരംതിരിച്ചിട്ടുണ്ടെന്ന് കത്തിൽ പറയുന്നു. വയനാട് ഉരുൾ പൊട്ടൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്നും വയനാട് ജില്ലയിലെ ഉരുൾ പൊട്ടൽ ബാധിത പ്രദേശങ്ങളുടെ പുനരധിവാസത്തിന് ആവശ്യമായ സഹായം കേന്ദ്രസർക്കാർ നൽകണമെന്നും കേരളം നിരന്തരം ഉന്നയിക്കുന്ന ആവശ്യമാണ്. എന്നാൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്രം അംഗീകരിച്ചുവെങ്കിലും പ്രത്യേക പുനരധിവാസ പാക്കേജ് വേണമെന്ന ആവശ്യത്തിന് കൃത്യമായ മറുപടി കത്തിൽ നൽകുന്നില്ല. അതിതീവ്രമായ ദുരന്തങ്ങളുണ്ടായാൽ നൽകുന്ന ധനസഹായം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്ഡിആർഎഫ്) മുഖേന ഇതിനകം നൽകിയിട്ടുണ്ടെന്ന് കത്തിൽ പറയുന്നു. ആവശ്യമെങ്കിൽ, കേന്ദ്ര സംഘത്തിന്റെ (ഐഎംസിടി) വിലയിരുത്തൽ ഉൾപ്പടെ ശരിയായ നടപടിക്രമങ്ങൾ പാലിച്ചതിന് ശേഷം നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എൻഡിആർഎഫ്) നിന്ന് അധിക തുക നൽകുമെന്നാണ് കത്തിൽ പറയുന്നത്.

## പുതുവത്സര വിപണിയിൽ കർശന ഭക്ഷ്യ സുരക്ഷാ പരിശോധന

പുതുവത്സര വിപണിയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ കർശനമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്രിസ്തുമസ് - പുതുവത്സര സീസണിൽ വിതരണം നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ വിപുലമായ പരിശോധനകൾ നടത്തി.

സംസ്ഥാന വ്യാപകമായി 252 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 2861 പരിശോധനകളാണ് പൂർത്തിയാക്കിയത്. മാനദണ്ഡങ്ങൾ പാലിക്കാത്ത 49 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 343 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകി. 306 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 743 സർവൈലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി ശേഖരിച്ചു. പരിശോധനകൾ കർശനമായി തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

കേക്ക്, വൈൻ, മറ്റുള്ള ബേക്കറി വസ്തുക്കൾ നിർമ്മിക്കുന്ന ബോർമകൾ, ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകി. കേക്ക്, കേക്ക് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വിവിധ അസംസ്കൃത വസ്തുക്കൾ ആൽക്കഹോളിക് ബിവറേജ്, ഐസ്ക്രീം, ശർക്കര, വെളിച്ചെണ്ണ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കി.

കൂടാതെ ഏറ്റവും കൂടുതൽ വിറ്റഴിക്കുന്ന മത്സ്യ, മാംസ ഉത്പ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളും പരിശോധിച്ചു. മത്സ്യ മൊത്തക്കച്ചവട കേന്ദ്രങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ചു.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഡെപ്യൂട്ടി കമ്മീഷണർ എസ്. അജി എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി.

## അബ്ദുൾ റഹീമിന്റെ മോചനം നീളും, കേസ് വീണ്ടും മാറ്റിവച്ചു

റിയാദ്: സൗദി ജയിലിൽ കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൾ റഹീമിന്റെ മോചനം നീളും. ജയിൽ മോചനവുമായി ബന്ധപ്പെട്ട കേസ് റിയാദിലെ കോടതി വീണ്ടും മാറ്റിവച്ചു. ഇത് അഞ്ചാം തവണയാണ് കോടതി കേസ് മാറ്റുന്നത്. ജനുവരി 15ന് കേസ് വീണ്ടും കോടതി പരിഗണിക്കും.

ഇന്ന് മോചന ഉത്തരവ് ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു റഹീമും കുടുംബവും നിയമസഹായ സമിതിയും. ജൂലൈ രണ്ടിന് അബ്ദുൾ റഹീമിന്റെ വധശിക്ഷ കോടതി റദ്ദാക്കിയെങ്കിലും ജയിൽ മോചനം വൈകുകയാണ്.

ബ്ലഡ് മണിയുടെ ചെക്കും രേഖകളും കോടതിയിലെത്തിച്ചതോടെ മോചനത്തിനായുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിരുന്നു. തുടർന്നാണ് വധശിക്ഷ റദ്ദ് ചെയ്ത് വിധിയെത്തിയത്.

സൗദി പൗരന്റെ വീട്ടിൽ ജോലി ചെയ്യുകയായിരുന്നു അബ്ദുൾ റഹീം. രോഗിയായ കുട്ടിയെ പരിചരിക്കുന്നതിനിടെ കുട്ടിയുടെ കഴുത്തിൽ സ്ഥാപിച്ച ജീവൻരക്ഷ ഉപകരണം അബ്ദുൾ റഹീമിന്റെ കൈതട്ടി പോകുകയും കുട്ടി മരിക്കുകയുമായിരുന്നു. തുടർന്ന് സൗദി കോടതി അബ്ദുൾ റഹീമിന് വധശിക്ഷ വിധിച്ചത്.

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി യോഗം ചേരും

കേരള നിയമസഭയുടെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി ജനുവരി 3 രാവിലെ 11 ന് കോട്ടയത്തെ വൈക്കം സത്യാഗ്രഹ സ്മാരക ഹാളിൽ യോഗം ചേരും. ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും വേമ്പനാട്ടു കായൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിലെ മാലിന്യപ്രശ്നം സംബന്ധിച്ചും ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും. മത്സ്യ / അനുബന്ധ തൊഴിലാളികളിൽ നിന്നും സംഘടനകളിൽ നിന്നും ഹർജികൾ സ്വീകരിക്കുകയും തുടർന്ന് ഉച്ചയ്ക്കുശേഷം വൈക്കം, ചെമ്പ്, കുമരകം തുടങ്ങിയ ഉൾനാടൻ മത്സ്യമേഖലകളിൽ സന്ദർശനം നടത്തുകയും ചെയ്യും. സമിതി മുമ്പാകെ ഹർജികൾ സമർപ്പിക്കുവാൻ താല്പര്യമുള്ള മത്സ്യ / അനുബന്ധ തൊഴിലാളികൾക്കും ബന്ധപ്പെട്ട സംഘടനാ പ്രതിനിധികൾക്കും യോഗത്തിൽ ഹാജരായി 'അധ്യക്ഷൻ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി' എന്ന മേൽവിലാസത്തിൽ രേഖാമൂലം ഹർജി സമർപ്പിക്കാം.



# പൊലീസ് റിപ്പോർട്ട് എതിരായിട്ടും കൊടി സുനിക്ക് പരോൾ അനുവദിച്ചത് മുഖ്യമന്ത്രിയുടെയും ഉപജാപക സംഘത്തിന്റെയും ഇടപെടലിൽ; പ്രതിപക്ഷനേതാവ്

തിരുവനന്തപുരം: ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയും കൊടുംക്രിമിനലുമായ കൊടി സുനിക്ക് ഒരു മാസത്തെ പരോൾ നൽകിയ സർക്കാർ തീരുമാനം നിയമ സംവിധാനങ്ങളോടും നിയമ വാഴ്ചയോടുമുള്ള പരസ്യമായ വെല്ലുവിളി. പരോൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സി.പി.എം ഉന്നത നേതൃത്വത്തിന്റെ അറിവോടെ ഗൂഡാലോചന നടന്നിട്ടുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പൊലീസ് റിപ്പോർട്ട് എതിരായിട്ടും മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ഉപജാപക സംഘത്തിന്റെയും ഇടപെടലിലാണ് കൊടി സുനിക്ക് പരോൾ അനുവദിച്ചത്. അമ്മ അസുഖ ബാധിതയാണെന്നതിന്റെ പേരിൽ, സ്ഥിരം കുറ്റവാളിയായ ഒരാൾക്ക് ഒരു മാസത്തെ പരോൾ അനുവദിച്ചത് ദുരൂഹമാണ്. ടി.പി വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കവെ ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളിയായ കൊടി സുനി ഒരു മാസത്തെ പരോൾ കാലയളവിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടില്ലെന്ന എന്ത് ഉറപ്പാണ് ആഭ്യന്തര വകുപ്പിനുള്ളത്. കൊലപാതകം ആസൂത്രണം ചെയ്തും അത് നടപ്പിലാക്കിയും കൊലയാളികളെ സംരക്ഷിച്ചും പൂർണമായും കൊലയാളി പാർട്ടിയായി സി.പി.എം അധഃപതിച്ചിരിക്കുകയാണ്. ടി.പി വധക്കേസിലെയും പെരിയ ഇരട്ടക്കൊലക്കേസിലെയും പ്രതികൾ ഉൾപ്പെടെയുള്ള ക്രിമിനലുകൾക്കും നവീൻ ബാബുവിനെ മരണത്തിലേക്ക് തള്ളിവിട്ടവർക്കും സംരക്ഷണം നൽകുമെന്നാണ് പിണറായി വിജയൻ സർക്കാർ ഇത്തരത്തിലുള്ള ഓരോ നടപടികളിലൂടെയും കേരളത്തോട് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്.

## ടി.പി വധക്കേസ് പ്രതി കൊടി സുനിക്ക് 30 ദിവസത്തെ പരോൾ; ജയിലിൽ നിന്നു പുറത്തിറങ്ങി

കണ്ണൂർ: ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ജയിലിൽ കഴിയുന്ന പ്രതി കൊടി സുനിക്ക് 30 ദിവസത്തെ പരോൾ അനുവദിച്ച് ജയിൽ വകുപ്പ്. അമ്മ നൽകിയ അപേക്ഷ പരിഗണിച്ചാണ് നടപടി. പരോൾ ലഭിച്ചതോടെ ശനിയാഴ്ച കൊടി സുനി തവനൂർ ജയിലിൽ നിന്ന് പുറത്തിറങ്ങി.

പരോൾ ആവശ്യപ്പെട്ട് അമ്മ മനുഷ്യാവകാശ കമ്മീഷനാണ് ആദ്യം അപേക്ഷ നൽകിയത്. തുടർന്ന് കമ്മീഷന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ജയിൽ ഡിജിപി പരോൾ അനുവദിക്കുകയായിരുന്നു. പോലീസ് നൽകിയ പ്രൊബേഷൻ റിപ്പോർട്ട് എതിരായിട്ടും ജയിൽ ഡിജിപി അനുകൂല തീരുമാനമെടുക്കുകയായിരുന്നു എന്നാണ് വിവരം.

## കൊടി സുനിക്ക് 30 ദിവസത്തെ പരോൾ എന്തിന്.. സർക്കാർ മറുപടി പറയണമെന്ന് കെ.കെ. രമ

കോഴിക്കോട്: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതി കൊടി സുനിക്ക് പരോൾ അനുവദിച്ചതിനെതിരെ കെ.കെ. രമ എംഎൽഎ രംഗത്ത്. എങ്ങനെയാണ് കൊടി സുനിക്ക് 30 ദിവസത്തെ പരോൾ അനുവദിക്കുന്നതെന്ന് രമ ചോദിച്ചു.അമ്മയ്ക്ക് കാണാൻ ആണെങ്കിൽ പത്തുദിവസം പരോൾ അനുവദിച്ചാൽ പോരേയെന്നും രമ ചോദിച്ചു. എന്തിന്റെ അടിസ്ഥാനത്തിലാണ് 30 ദിവസം പരോൾ നൽകിയതെന്ന് കേരള സർക്കാരും ആഭ്യന്തരവകുപ്പും മറുപടി പറയണം. ആഭ്യന്തരവകുപ്പ് അറിയാതെ ഇങ്ങനെ ഒരു നീക്കം സാധ്യമല്ല. ഡിജിപിക്ക് മാത്രമായി ഇങ്ങനെയൊരു ഉത്തരവിറക്കാൻ പറ്റില്ലെന്നും അവർ പറഞ്ഞു.

പരോൾ അനുവദിച്ചത് സംശയാസ്പദമാണെന്നും അസാധാരണമായ നടപടിയാണ് ഉണ്ടായത്. നിയമ വിദഗ്ദരുമായി ആലോചിച്ചു തുടർനടപടികളിലേക്ക് കടക്കുമെന്നും കെ.കെ രമ പറഞ്ഞു.

# സ്വകാര്യബസിൽനിന്ന് ആളിറങ്ങുന്നതിനിടെ ഇടതുവശത്തുകൂടി ഓവർടേക്കിംഗ്: കെഎസ്ആർടിസി ഡ്രൈവർക്കെതിരേ നടപടി

പള്ളിക്കത്തോട്: അപകടകരമായ രീതിയിൽ ബസ് ഓടിച്ച കെഎസ്ആർടിസി ഡ്രൈവർക്കെതിരേ വകുപ്പുതല നടപടി ഉണ്ടായേക്കും. പൊൻകുന്നം കെഎസ്ആർടിസി ഡിപ്പോയിലെ ഡ്രൈവർ രാജേഷ് കുമാറാണ് അപകടകരമായ രീതിയിൽ ബസ് ഓടിച്ചത്. ഇയാൾക്കെതിരേ പള്ളിക്കത്തോട് പോലീസ് കേസെടുത്തിട്ടുണ്ട്.

ശനിയാഴ്ച വൈകുന്നേരം ആറിന് 18ാം മൈൽ പെട്രോൾ പമ്പിനു മുൻവശത്ത് സ്വകാര്യബസിനെ ഇടതുവശത്തുകൂടി അപകടകരമായരീതിയിൽ ഓവർടേക്ക് ചെയ്യുകയായിരുന്നു. സ്വകാര്യബസ് 18ാം മൈലിൽ നിർത്തി യാത്രക്കാരിയെ ഇറക്കുന്ന സമയത്താണ് കെഎസ്ആർടിസി ബസ് ഇടതുവശത്തുകൂടി കടന്നുപോയത്.

കെഎസ്ആർടിസി ബസ് വരുന്നതുകണ്ട് സ്വകാര്യബസിന്റെ ഡോറിനോടു ചേർന്നുനിന്നതുകൊണ്ട് മാത്രമാണ് അപകടത്തിൽനിന്നു യുവതി രക്ഷപ്പെട്ടത്. സംഭവം സമീപത്തെ പെട്രോൾ പമ്പിന്റെ സിസിടിവിയിൽ പതിഞ്ഞിരുന്നു.

സമൂഹമാധ്യമങ്ങളിലൂടെ ദൃശ്യങ്ങൾ പ്രചരിച്ചതു ശ്രദ്ധയിൽപ്പെട്ട കാഞ്ഞിരപ്പള്ളി ഡിവൈഎസ്പി എം. അനിൽകുമാറിന്റെ നിർദ്ദേശാനുസരണം പള്ളിക്കത്തോട് എസ്എച്ച്ഒ കെ.പി. ടോംസൺ കേസെടുത്ത് അന്വേഷണം ആരംഭിക്കുകയായിരുന്നു. പോലീസിന്റെ വിശദമായ റിപ്പോർട്ട് ലഭിച്ച ശേഷമായിരിക്കും ഡ്രൈവർക്കെതിരേ വകുപ്പുതല നടപടി സ്വീകരിക്കുന്നത്.

മാറാനാത്ത എന്ന സ്വകാര്യബസും കെഎസ്ആർടിസി ബസും മത്സരയോട്ടം നടത്തുകയും കെഎസ്ആർടിസി ബസിനെ കടത്തിവിടാതിരിക്കുന്നതിനുവേണ്ടി റോഡ് സൈഡിൽ ആവശ്യത്തിന് വീതി ഉണ്ടായിരുന്നിട്ടും സ്വകാര്യബസ് നടുറോഡിൽ നിർത്തി ആളെ ഇറക്കുകയായിരുന്നു.

ഇങ്ങനെ വാഹനം നിർത്തി ആളെ ഇറക്കിയ സ്വകാര്യ ബസ് ഡ്രൈവറായ സിബിക്കെതിരേയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെകെ റോഡിൽ ബസുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് കർശനമായ പോലീസ് പരിശോധന ഉണ്ടായിരിക്കുമെന്ന് ജില്ലാ പോലീസ് മേധാവി ഷാഹുൽ ഹമീദ് ഐപിഎസ് പറഞ്ഞു.

## എം.ടിക്ക് സംസ്ഥാന സർക്കാരിന്റെ ആദരം ചൊവ്വാഴ്ച

തിരുവനന്തപുരം: എം.ടി. വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്നതിനായി കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ചൊവ്വാഴ്ച വൈകുന്നേരം മൂന്നിന് നടക്കുന്ന ചടങ്ങിൽ സാംസ്കാരിക മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും.പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ പൊതുവിതരണവകുപ്പ് ജി.ആർ. അനിൽ, ടൂറിസം-പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ്, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, എംപിമാരായ ശശി തരൂർ, എ.എ. റഹീം, ആൻറണി രാജു എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡി. സുരേഷ് കുമാർ, കൗൺസിലർ രാഖി രവികുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡേ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ എന്നിവർ പങ്കെടുക്കും.എൻ.എസ്. മാധവൻ, ശ്രീകുമാരൻ തമ്പി, ഷാജി എൻ. കരുൺ, കെ. ജയകുമാർ, വി. മധുസൂദനൻ നായർ, പ്രേംകുമാർ, എം. ജയചന്ദ്രൻ, ജി. വേണുഗോപാൽ, ഗൗതമി, മേനക സുരേഷ്, ജലജ, മധുപാൽ, വേണു ഐ.എസ്.സി., മുരുകൻ കാട്ടാക്കട, അശോകൻ ചരുവിൽ, ജോസ് പനച്ചിപ്പുറം, സുഭാഷ് ചന്ദ്രൻ, ആർ.എസ്. ബാബു, വി.എസ്. രാജേഷ് തുടങ്ങിയവർ എം.ടിയെ അനുസ്മരിക്കുംഎം.ടിയുടെ സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കി പിന്നണി ഗായകൻ രവിശങ്കർ നയിക്കുന്ന സംഗീതാർച്ചന, എം.ടിയുടെ സാഹിത്യകൃതികൾ, തിരക്കഥകൾ എന്നിവ ഉൾപ്പെടുന്ന പുസ്തകപ്രദർശനം, എം.ടിയുടെ ചലച്ചിത്രജീവിതത്തിലെ അനർഘനിമിഷങ്ങൾ ഒപ്പിയെടുത്ത ഫോട്ടോപ്രദർശനം, മികച്ച സിനിമയ്ക്കുള്ള 1973ലെ ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിയ 'നിർമ്മാല്യ'ത്തിന്റെ പ്രദർശനം എന്നിവയും ഇതിന്റെ ഭാഗമായി നടക്കും.

## കോഴിക്കോട്ട് ട്രാവലർ മറിഞ്ഞ് ആറ് വയസുകാരി മരിച്ചു, നിരവധി പേർക്ക് പരിക്ക്

കോഴിക്കോട്: കൂടരഞ്ഞിയിൽ വിനോദ സഞ്ചാരികളുമായി പോവുകയായിരുന്ന ട്രാവലർ മറിഞ്ഞ് ആറ് വയസുകാരി മരിച്ചു. ചങ്കുവെട്ടി സ്വദേശി എലിസ ആണ് മരിച്ചത്.അപകടത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള നിരവധി പേർക്ക് പരിക്കേറ്റിരുന്നു. പരിക്കേറ്റവർ ഒരു കുടുംബത്തിലുള്ളവരാണ്. ഇവരെ മുക്കത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.ഗുരുതരാവസ്ഥയിലായിരുന്ന കുഞ്ഞിനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇന്ന് ഉച്ചയ്ക്ക് ഒന്നോടെയാണ് അപകടമുണ്ടായത്. കൂടരഞ്ഞി കുളിരാമുട്ടിയിലാണ് സംഭവം. വിനോദസഞ്ചാര കേന്ദ്രമായ പൂവാറംതോട് സന്ദർശിച്ച് മടങ്ങി സംഘത്തിന്റെ വാഹനമാണ് അപകടത്തിൽപ്പെട്ടത്.

## ജലാറ്റിൻ സ്റ്റിക്ക് ശരീരത്തിൽ കെട്ടിവച്ചശേഷം സ്ഫോടനം; പെൺസുഹൃത്തിന്റെ വീടിനു മുന്നിൽ ജീവനൊടുക്കി യുവാവ്

ബംഗളൂരു: കർണാടക മാണ്ഡ്യയിൽ ജലാറ്റിൻ സ്റ്റിക്ക് ശരീരത്തിൽ കെട്ടിവച്ചശേഷം സ്ഫോടനം നടത്തി യുവാവ് ജീവനൊടുക്കി. രാമചന്ദ്ര (21)യാണ് ജീവനൊടുക്കിയത്. പെൺസുഹൃത്തിന്റെ വീടിനു മുന്നിലെത്തിയാണ് ഇയാൾ ജീവനൊടുക്കിയത്.

രണ്ട് വർഷമായി ഇയാൾ പെൺസുഹൃത്തുമായി പ്രണയത്തിലായിരുന്നു. കഴിഞ്ഞ വർഷം ഇരുവരും ഒളിച്ചോടിയിരുന്നു. എന്നാൽ പെൺകുട്ടിക്ക് പ്രായപൂർത്തിയാകാത്തതിനാൽ ഇരുവരെയും പോലീസ് പിടികൂടുകയും രാമചന്ദ്രയ്ക്കെതിരെ പോക്സോ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. പോക്സോ കേസിൽ ഇയാൾ മൂന്ന് മാസം ജയിൽ ശിക്ഷ അനുഭവിച്ചിരുന്നു.

പിന്നീട് പെൺകുട്ടിയുടെയും രാമചന്ദ്രടെയും വീട്ടുകാർ തമ്മിൽ ഒത്തുതീർപ്പിൽ എത്തുകയും കേസ് പിൻവലിക്കുകയുമായിരുന്നു. ഏതാനും ദിവസങ്ങൾക്ക് മുൻപ് രാമചന്ദ്ര പെൺകുട്ടിയുമായി സംസാരിച്ചിരുന്നു. പെൺകുട്ടിയെ വിവാഹം കഴിക്കണമെന്നും ഇയാൾ പെൺകുട്ടിയുടെ വീട്ടുകാരോട് ആവശ്യപ്പെട്ടിരുന്നു.

അതേസമയം പെൺകുട്ടിയുടെ വീട്ടുകാർ മറ്റൊരു വിവാഹ ആലോചനയുമായി മുന്നോട് പോയി. ഇതിൽ പ്രകോപിതനായാണ് രാമചന്ദ്ര പെൺകുട്ടിയുടെ വീടിനുമുന്നിലെത്തി ജീവനൊടുക്കിയത്.

## കലോത്സവം: കുട്ടികളെ ഇറക്കി പ്രതിഷേധിച്ചാൽ കേസെടുക്കുമെന്ന് വി.ശിവൻകുട്ടി

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കലോത്സവങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രതിഷേധങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. കുട്ടികളെ ഇറക്കിയുള്ള പ്രതിഷേധങ്ങൾക്ക് കർശന വിലക്ക് ഏർപ്പെടുത്തിയെന്നും മന്ത്രി പറഞ്ഞു.

വിധിയിൽ ആക്ഷേപമുള്ളവർക്ക് കോടതിയെ സമീപിക്കാമെന്നാണ് നിലപാട്. കുട്ടികളെ വേദിയിലോ റോഡിലോ ഇറക്കി പ്രതിഷേധിച്ചാൽ അധ്യാപകർക്കും നൃത്താധ്യാപകർക്കും എതിരെ കേസ് എടുക്കുമെന്നും മന്ത്രി പറഞ്ഞു.

നേരത്തെ സംസ്ഥാന സ്കൂൾ കായിക മേളയുടെ സമാപന സമ്മേളനം പ്രതിഷേധത്തെ തുടർന്ന് അലങ്കോലമായത് വിവാദമായിരുന്നു. ജനുവരി നാല് മുതൽ എട്ടു വരെ തിരുവനന്തപുരത്താണ് സംസ്ഥാന സ്കൂൾ കലോത്സവം.

# വളർത്തു നായ്ക്കളോട് വീണ്ടും ക്രൂരത



കൊല്ലം ബീച്ചിൽ ഉപേക്ഷിക്കപ്പെട്ട നായ്ക്കൾക്ക് ജില്ലാ വെറ്ററിനറി കേന്ദ്രം തുണയായി രാവിലെ അഞ്ചരയോടെ കൊല്ലം ബീച്ചിൽ നടക്കാൻ ഇറങ്ങിയവർ ആ കാഴ്ച കണ്ടു അരുമയായ രണ്ട് നായ്ക്കളെ ചവറ് കൂനയിൽ കെട്ടിയിട്ടിരിക്കുന്നു.

വിദേശ ഇനത്തിൽപ്പെട്ട ഡാഷ് ഹണ്ട് ഇണകളാണ് രണ്ടും ബീച്ചിലെ ഒഴിഞ്ഞ കോണിൽ തൂണിലാണ് നായ്ക്കളെ കെട്ടിയിട്ടിയിരിക്കുന്നത് 10 മണി വരെയും ആരും തിരിഞ്ഞു നോക്കാതെ വന്നപ്പോൾ ബീച്ചിലെ കടക്കാരും നാട്ടുകാരും ഒത്തുകൂടി.

നായ്ക്കൾ പൊരിവെയിലത്തു തളർന്നു നിന്ന കാഴ്ച കണ്ടതോടെ വിവരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ അറിയിച്ചു.

ചീഫ് വെറ്ററിനറി ഓഫീസറുടെറ നിർദേശപ്രകാരം

കൊല്ലം എസ്.പി എസിഎ പ്രവർത്തകർ ആംബുലൻസിലെത്തി നായ്ക്കള അഴിച്ചു വെറ്ററിനറി കേന്ദ്രത്തി ലെത്തിച്ചു.അവശരായ നായ്ക്കൾക്ക് ഉടൻ തന്നെഡ്രിപ്പുകളും ജീവകങ്ങളും നല്കി ജില്ലാവെറ്ററിനറി കേന്ദ്രത്തിൽ പാർപ്പിച്ചിരിക്കുന്ന നായ്ക്കൾക്ക് വൈകിട്ട് വരെയും അവകാശികളെത്തിയില്ല ഉടമ പൊതു സ്ഥലത്ത് ഉപേക്ഷിച്ചതാകുമെന്ന് സംശയിക്കുന്നു. ഉടമയെക്കുറിച്ച് സൂചന നല്കി. പരാതി ലഭിച്ചാൽ ജന്തു ദ്രോഹ നിവാരണ നിയമപ്രകാരം കേസെടുക്കുമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ ഡോ. ഡി.ഷൈൻകുമാർ പറഞ്ഞു.എസ്.പി.സി.എ അംഗങ്ങളായ എസ്.റിജു ഷിബു ,സജീർ, പ്രകാശ് എന്നിവർ സംഘത്തിലുണ്ടായിരുന്നു

## സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർക്ക് നാസ് അംഗീകാരം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) രണ്ട് ശാസ്ത്രജ്ഞർക്ക് നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസിന്റെ (നാസ്) അംഗീകാരം. ഗവേഷണ രംഗത്തെ മികച്ച സംഭാവനകൾ മുൻനിർത്തി സീനിയർ സയന്റിസ്റ്റ് ഡോ എൽദോ വർഗീസിനെ നാസ് ഫെല്ലോ ആയും സയന്റിസ്റ്റ് ഡോ ടി ജി സുമിത്രയെ നാസ് അസോസിയേറ്റായും തെരഞ്ഞെടുത്തു. കാർഷിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഗവേഷകരുടെ ദേശീയ കൂട്ടായ്മയാണ് നാസ്. ശാസ്ത്രരംഗത്തെ സംഭാവനകൾ പരിഗണിച്ച് ഇന്ത്യയിലും വിദേശത്തുമുള്ള കാർഷിക-അനുബന്ധ ശാസ്ത്ര മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് നൽകുന്ന ആദരമാണ് നാസ് ഫെല്ലോ. 40 വയസ്സിന് താഴെയുള്ള യുവശാസ്ത്രജ്ഞർക്കായി നൽകുന്ന അംഗീകാരമാണ് നാസ് അസോസിയേറ്റ് പദവി. കാർഷിക-ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് മേഖലയിൽ നൽകിയ മികച്ച സംഭാവനകളാണ് ഡോ എൽജോ വർഗീസിനെ നാസ് അംഗീകാരത്തിന് അർഹനാക്കിയത്. സ്റ്റാറ്റിസ്റ്റിക്കൽ-ഇക്കോസിസ്റ്റം മോഡിലംഗ്, ഫിഷ് സ്റ്റോക്ക് അസസ്മെന്റ്, സമുദ്രമത്സ്യ മേഖലയിലെ ഡേറ്റ വിശകനം തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകുന്നതാണ് അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ. മത്സ്യങ്ങളിലെ രോഗബാധ, ആന്റി മൈക്രബോയൽ പ്രതിരോധം, മറൈൻ ഫിഷ് മൈക്രോബയോം എന്നിവയിലൂന്നിയുള്ള മറൈൻ മൈക്രോബയോളജി രംഗത്തെ ഗവേഷണങ്ങളാണ് ഡോ സുമിത്രയെ ഈ നേട്ടത്തിന് അർഹയാക്കിയത്. മത്സ്യകൃഷിയിൽ ഉത്തരവാദിത്തത്തോടെയുള്ള ആന്റിബയോട്ടിക് ഉപയോഗം, സുസ്ഥിര മത്സ്യ മാലിന്യ സംസ്കരണത്തിനുമുള്ള പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളുടെ വികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ് അവരുടെ പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ.

## ഉമാ തോമസ് അപകടത്തിൽപെട്ട സംഭവം; ഇവൻറ് മാനേജർ കസ്റ്റഡിയിൽ

കൊച്ചി: ഉമാ തോമസ് എംഎൽഎ അപകടത്തിൽപെട്ട കലൂർ സ്റ്റേഡിയത്തിലെ പരിപാടിയുടെ ഇവൻറ് മാനേജർ കസ്റ്റഡിയിൽ. ഓസ്കാർ ഇവൻറ്സ് മാനേജർ കൃഷ്ണകുമാറിനെയാണ് പോലീസ്കസ്റ്റഡിയിലെടുത്തത്.അതേസമയം കേസിൽ മുൻകൂർ ജാമ്യം തേടി പരിപാടിയുടെ സംഘാടകർ ഹൈക്കോടതിയെ സമീപിച്ചു. മൃദംഗ വിഷൻ എംഡി നിഗേഷ് കുമാറാണ് ഹൈക്കോടതിയെ സമീപിച്ചത്. പരിപാടിയുടെ നടത്തിപ്പിൽ വീഴ്ച ഉണ്ടായിട്ടില്ലെന്നും എല്ലാ സുരക്ഷയും ഒരുക്കിയിരുന്നെന്നുമാണ് സംഘാടകരുടെ വാദം.എംഎൽഎ അപകടത്തിൽപെടാൻ ഇടയാക്കിയ പരിപാടിയിൽ സ്റ്റേജ് കെട്ടിയത് ലാഘവത്തോടെയാണെന്ന് സംഭവത്തിന്റെ ദൃക്സാക്ഷിയായ മന്ത്രി സജി ചെറിയാൻ പ്രതികരിച്ചിരുന്നു. 15 അടി ഉയരമുള്ള സ്റ്റേജിന് ബാരിക്കേഡ് ഉണ്ടായിരുന്നില്ല. റിബൺ മാത്രമാണ് ഉണ്ടായിരുന്നതെന്നും മന്ത്രി പറഞ്ഞിരുന്നു.

## സ്കൂൾ കലോത്സവ ഫോട്ടോകൾ ക്ഷണിച്ചു

ജനുവരിയിൽ തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പുത്തരിക്കണ്ടം നായനാർ പാർക്കിൽ മൾട്ടിമീഡിയ എക്സിബിഷൻ സംഘടിപ്പിക്കുന്നു. കേരള മീഡിയ അക്കാദമിയുടെയും പത്രപ്രവർത്തക യൂണിയൻ ജില്ലാ കമ്മിറ്റിയുടെയും സഹകരണത്തോടെയാണ് പ്രദർശനം. മുൻകാല കലോത്സവത്തിലെ അസുലഭ ഫോട്ടോകൾ കൈവശമുള്ളവർക്ക് schoolkalolsavamphotos@gmail.com എന്ന വിലാസത്തിൽ ഡിസംബർ 31 ന് മുമ്പ് മെയിൽ ചെയ്യാം. സംഘാടക സമിതി തിരഞ്ഞെടുക്കുന്ന ഫോട്ടോകൾ എൻലാർജ് ചെയ്ത് കലോത്സവ വേദിയിൽ പ്രദർശിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് :9447202479.

# സംസ്ഥാന സ്കൂൾ കലോൽസവം:വിഭവസമാഹരണത്തിലൂടെ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ മന്ത്രി വി ശിവൻകുട്ടി ഏറ്റുവാങ്ങി

സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഭക്ഷണ വിതരണത്തിനായി വിദ്യാലയങ്ങളിൽ നിന്നുള്ള വിഭവ സമാഹരണത്തിലൂടെ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ കൈമാറുന്ന ചടങ്ങ് കോട്ടൺ ഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

വിദ്യാർഥികൾ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ കോട്ടൺ ഹിൽ സ്കൂളിലെ വിദ്യാർഥിനികൾ മന്ത്രി ക്ക് കൈമാറി. കടകംപള്ളി സുരേന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷണകമ്മിറ്റി കൺവീനർ എ നജീബ് സ്വാഗതം ആശംസിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജാ ബീഗം, കെ ബദറുന്നീസ, വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, ഡി ഇ ഒ ബിജു, എ ഇ ഒ രാജേഷ് ബാബു പി ടി എ പ്രസിഡന്റ് അരുൺ മോഹൻ, പ്രിൻസിപ്പൽ ഹെഡ്മിസ്ട്രസ് ജി ഗീത, അഡീഷണൽ ഹെഡ്മിസ്ട്രസ് എസ് അനിത എന്നിവർ സംബന്ധിച്ചു കോട്ടൺ ഹിൽ ജി ജി എച്ച് എസ് എസ് പ്രിൻസിപ്പൽ വി ഗ്രീഷ്മ ചടങ്ങിന് നന്ദി അറിയിച്ചു.രണ്ടാംവിള നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ നാളെ മുതൽ

സപ്ലൈകോ വഴി നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2024-25 സീസണിലെ രണ്ടാംവിള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നാളെ (ജനുവരി 1) മുതൽ ആരംഭിക്കും. കർഷക ർ ൦൦൦.ൌൂഹ്യരീമററ്യ.ശി എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും വ്യവസ്ഥകളും ഈ വെബ്സൈറ്റിൽ ലഭ്യമാണ്.



സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഭക്ഷണ വിതരണത്തിനായി വിദ്യാലയങ്ങളിൽ നിന്നുള്ള വിഭവ സമാഹരണത്തിലൂടെ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ കോട്ടൺ ഹിൽ സ്കൂളിലെ വിദ്യാർഥിനികൾ മന്ത്രി വി ശിവൻകുട്ടിക്ക് കൈമാറുന്നു. കടകംപള്ളി സുരേന്ദ്രൻ എം എൽ എ സമീപം

# ഒറ്റക്കൊമ്പൻ ആരംഭിച്ചു




ജീവിതത്തെ സ്വന്തം ഇച്ഛാശക്തിയിലും, ചോരത്തിളപ്പിലും,ബുദ്ധിയും, കൗശലവും,ആളും അർത്ഥവും കൊണ്ടു നേരിട്ട ഒരു മനുഷ്യനുണ്ട് - കടുവാക്കുന്നേൽ കുറുവച്ചൻ'

മധ്യ തിരുവതാംകൂറിലെ മീനച്ചിൽ താലൂക്കിലെ പാലായും പരിസരങ്ങളിലും ഒരു കാലത്ത് തന്റെ കൈപ്പിടിയിൽ ഒതുക്കിയ കടുവാക്കുന്നേൽ കുറുവച്ചൻ.

കുറുവച്ചന്റെ കഥ കൗതുകവും, ആശ്ചര്യവുമൊക്കെ നൽകിക്കൊണ്ട് പ്രേക്ഷകർക്കു മുന്നിലെത്തുകയാണ്.

ഒറ്റക്കൊമ്പൻ എന്ന ചിത്രത്തിലൂടെ.

സുരേഷ് ഗോപിയാണ് ചോരത്തിളപ്പുള്ള ഈ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

ശ്രീ ഗോകുലം മൂവീസിന്റെ ബാനറിൽ ശ്രീ ഗോകുലം ഗോപാലൻ നിർമിച്ച് നവാഗതനായ മാത്യൂസ് തോമസ് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം ഡിസംബർ ഇരുപത്തിയേഴ് വെള്ളിയാഴ്ച തിരുവനന്തപുരത്ത് പൂജപ്പുര സെൻട്രൽ ജയിലിൽ വളപ്പിലെ മഹാഗണപതി ക്ഷേത്രത്തിൽ വച്ച് ലളിതമായ ചടങ്ങോടെ ആരംഭിച്ചു. ചലച്ചിത്ര പ്രവർത്തകരും, അണിയറ പ്രവർത്തകരും പങ്കെടുത്ത ചടങ്ങിൽ

പ്രശസ്ത നിർമ്മാതാവ് ശ്രീ ടോമിച്ചൻ മുളകുപാടം ആദ്യ ഭദ്രദീപം തെളിയിച്ചതോടെയാണ് തുടക്കമിട്ടത് . തുടർന്ന് പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് സനിൽ കുമാർ, സെൻട്രൽ ജയിൽ സൂപ്രണ്ട് ബിനോദ് ജോർജ്, ഡെപ്യൂട്ടി സൂപ്രണ്ട് കിച്ചി എന്നിവരും ഈ ചിത്രത്തിന്റെ അറിയറ പ്രവർത്തകരും ചേർന്ന് ഈ ചടങ്ങ് പൂർത്തീകരിച്ചു.

പ്രമുഖ നടൻ ബിജു പപ്പൻ സ്വിച്ചോൺ കർമ്മവും തിരക്കഥാകൃത്ത്, ഡോ. കെ. അമ്പാടി ഐ. ഏ എസ്. ഫസ്റ്റ് ക്ലാപ്പും നൽകി. മാർട്ടിൻമുരുകൻ, ജിബിൻ ഗോപിനാഥ് എന്നിവരടങ്ങുന്ന ആദ്യരംഗത്തോടെ യാണ് ചിത്രീകരണമാരംഭിച്ചത്.

മലയാളത്തിലെ പ്രമുഖരായ നിരവധി സംവിധായകർക്കൊപ്പം പ്രധാന സഹായിയായി പ്രവർത്തിച്ചു കൊണ്ടാണ് മാത്യൂസ് തോമസ് ഒറ്റക്കൊമ്പനിലൂടെ സ്വതന്ത്ര സംവിധായകനാകു

ന്നത്.

കേന്ദ്ര മന്ത്രിയായതിനു ശേഷം സുരേഷ് ഗോപി അഭിനയിക്കുന്ന ആദ്യചിത്രം കൂടിയാണ് ഒറ്റക്കൊമ്പൻ.

ചോരത്തിളപ്പി നോളൊപ്പം തന്നെ കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലഘട്ടത്തിനനു യോജ്യമായ രീതിയിലാണ് കറുവച്ചന്റ ജീവിത യാത്ര. ഈ യാത്രക്കിടയിൽ സംഘർഷങ്ങളും .'പ്രതിസന്ധികളും ഏറെ. അതിനെയെല്ലാം ചോരത്തിളപ്പിന്റെ പിൻബലത്തിലൂടെ നേരിടുമ്പോൾ തന്നെ, ബന്ധങ്ങൾക്കും, കുട്ടംബത്തിനുമൊക്കെ പ്രാധാന്യം കുവാകൽപ്പിക്കുന്ന, കുടുംബ നാഥൻ കൂടിയാകുകയാണ്. കടുവാക്കുന്നേൽ കുവ വച്ചൻ.

ക്ലീൻ ഫാമിലി ഇമോഷൻ ത്രില്ലെർ ഡ്രാമയെന്ന് ഈ ചിത്രത്തെ ഒറ്റവാക്കിൽ വിശേഷിപ്പിക്കാം.

സുരേഷ് ഗോപി എന്ന നടനിലൂടെ പ്രേക്ഷകർ പ്രതീക്ഷിക്കുന്ന മുഹൂർത്തങ്ങൾ കോർത്തിണക്കി ക്ലീൻ എന്റർടൈനറായിട്ടാണ് ചിത്രത്തിന്റെ അവതരണം.

വലിയ മുതൽമുടക്കിൽ

വിശാലമായ ക്യാൻവാസ്സിൽ വലിയ താരനിരയുടെ അകമ്പടിയോടെ , വ്യത്യസ്ഥമായ നിരവധി ലൊക്കേഷനുകളിലൂടെ യാണ് ഈ ചിത്രത്തിന്റെ അവതരണം.

ഇന്ദ്രജിത്ത് സുകുമാരൻ, വിജയരാഘവൻ, ലാലു അലക്സ്, ചെമ്പൻ വിനോദ്, ജോണി ആന്റെണി ബിജു പപ്പൻ, മേഘന രാജ് എന്നിവരും നിരവധി പ്രമുഖ താരങ്ങളും, പുതുമുഖങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.

എഴുപതിൽപ്പരം അഭിനേതാക്കൾ ഈ ചിത്രത്തിലെ പ്രധാന വേഷങ്ങളിലെത്തു

ന്നുണ്ട്.

ഷിബിൻ ഫ്രാൻസിസ്സിന്റേതാണു രചന.

ഗാനങ്ങൾ - വയലാർ ശരത്ച്ചന്ദ്ര വർമ്മ

സംഗീതം - ഹർഷവർദ്ധൻരമേശ്വർ. ഛായാഗ്രഹണം - ഷാജികുമാർ.

എഡിറ്റിംഗ്- വിവേക് ഹർഷൻ. കലാസംവിധാനം - ഗോകുൽ ദാസ്.

മേക്കപ്പ റോണക്സ് സേവ്യർ.

കോസ്റ്റ്യും - ഡിസൈൻ - അനീഷ് തൊടുപുഴ..

കിയേറ്റീവ് ഡയറക്ടർ - സുധീർ മാഡിസൺ

കാസ്റ്റിംഗ് ഡയറക്ടർ - ബിനോയ് നമ്പാല

ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടേർസ് - കെ.ജെ. വിനയൻ. ദീപക് നാരായൺ '

പ്രൊഡക്ഷൻ മാനേജേർ - പ്രഭാകരൻകാസർ

കോഡ്.

പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ് - നന്ദു പൊതുവാൾ., ബാബുരാജ് മനിശ്ശേരി

പ്രൊഡക്ഷൻ കൺട്രോളർ - സിദ്ദു പനയ്ക്കൽ.

കോ പ്രൊഡ്യൂസേർസ് -ബൈജു ഗോപാലൻ, വി.സി. പ്രവീൺ.

എക്സിക്കുട്ടീവ് പ്രൊഡ്യൂസർ - കൃഷ്ണമൂർത്തി.

തിരുവനന്തപുരം, കോട്ടയം, പാലാ, ഈരാറ്റുപേട്ട കൊച്ചി, ഹോങ്കോങ് എന്നിവിടങ്ങളിലായി ട്ടാണ് ഈ ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയാകുന്നത്.

വാഴൂർ ജോസ്, ഫോട്ടോ - റോഷൻ.




# ബ്രഹ്മാണ്ഡനടനത്തിനു ദഫിന്റെ പേർഷ്യൻ രാജകുമാരിയൊരുക്കിയ ഡമരുനാദം



ദക്ഷിണേന്ത്യൻ സംസ്കൃതിയുടെ സഹസ്രാബ്ദങ്ങൾക്കപ്പുറമുള്ള അടരുകളിൽ നിന്നും അതിശയിപ്പിക്കുന്ന ഒരു ചരിത്രമുഹൂർത്തം ചലച്ചിത്രമായി തിരുവനന്തപുരത്തെ വിസ്മയാസ് മാക്സിൽ ഒരുങ്ങുന്നു.!

ദ്രാവിഡാവർത്തത്തിലെ, സംഘകാലയുഗത്തിലെ അതിഗംഭീരന്മാരായ ചക്രവർത്തിമാരുടെ, ചേര ,ചോള, പാണ്ഡ്യ ഛത്രപതിമാരുടെ പ്രണയവും,കാമനകളും, വൈരവും,ശത്രുതയും, പ്രതികാരവും, പടയോട്ടങ്ങളും പ്രതിപാദിക്കുന്ന ഇതിഹാസതുല്യമായ കാവ്യഗ്രന്ഥങ്ങളാണല്ലോ ആകാനാനൂറും പുറനാനൂറും മണിമേഖലയടക്കമുള്ള സംഘകാലസാഹിത്യസൃഷ്ടികൾ! അതിൽ 'അകനാനൂറിനെ' അധികരിച്ചു അതേ പേരിൽ തയ്യാറാകുന്ന ചലച്ചിത്ര ഭാഷ്യമാണ് വിസ്മയാസമാക്സിൽ ഒരുങ്ങുന്നത്. ഏറ്റവും പുതിയ കാലത്തിന്റെ, തികച്ചും ആധുനികമായ നിർമ്മാണ, ആഖ്യാന രീതികൾ അവലംബിച്ചാണ് തെന്നിന്ത്യയുടെ ഏറ്റവും പുരാതനമായ ജീവിതത്തെയും ചരിത്രത്തെയും ഇതിന്റെ അണിയറപ്രവർത്തകർ അണിയിച്ചൊരുക്കുന്നത്.! പുതിയകാലത്തിനു അത്രകണ്ട് പരിചിതമല്ലെങ്കിലും സംഘകാല ചരിത്രത്തിലെ അനശ്വര പരിവേഷമുള്ള ഗംഭീരകഥാപാത്രങ്ങൾ പുതിയ ആസ്വാദനസംസ്കാരത്തെ അങ്ങേയറ്റം ത്രസിപ്പിക്കുന്നതായിരിക്കുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ഉത്തരേന്ത്യൻ ചരിത്രാധിപത്യത്തിന്റെ വേലിയേറ്റത്തിൽ പ്രാധാന്യം മങ്ങിപ്പോയ ഈ ദക്ഷിണേന്ത്യൻ ചരിത്രകഥാപാത്രങ്ങൾ വാനോളം വലിപ്പമുള്ളവരും മഹാശിലായുഗാനന്തര മാനവചരിത്രത്തിലെമ്പാടും നിറഞ്ഞുനിൽക്കുന്നവരും തന്നെയാണ്. അതുതന്നെയാണ് 'അകനാനൂറിന്റെ' ആഖ്യാനത്തിലെ സവിശേഷതയും വെല്ലുവിളിയും!.ചരിത്രവും, പുരാണവും,പുരാവൃത്തവും, ഫാന്റെസിയും, മായികയാഥാർത്ഥ്യങ്ങളും സമന്വയിക്കുന്ന ഏഴു ഗാനങ്ങളും വർഷങ്ങൾ നീണ്ട തപസ്യയുടെയും ഗവേഷണത്തിന്റെയും പിൻബലത്തിൽ തയ്യാറാക്കിയ തിരക്കഥയും അതിന്റെ വിഷ്വൽ സ്റ്റോറി ബോർഡും എല്ലാം ചേർന്ന് സിനിമയുടെ കാഴ്ചയുടെ ചരിത്രത്തിലെ വേറിട്ട അനുഭവമാക്കാനുള്ള തയ്യാറെടുപ്പിലാണ് വിസ്മയാസമാക്സിലെ അറുപതോളം വരുന്ന സർഗ്ഗധനർ.ജീവിത നിയോഗമായി കൊണ്ടുനടന്ന സിനിമയിലേക്കുള്ള ഓരോ ചുവടുകളും പിന്നിടുമ്പോൾ സംവിധായകനായ കെ.ഡി ഷൈബു മുണ്ടക്കലിന് ആത്മവിശ്വാസവും കരുത്തും വന്നുചേരുന്നു. ശൈശവത്തിലെ അമ്മക്കഥകളുടെ വിരുവവും,പിന്നീടു നാടകകലാപ്രവർത്തനവും, തുടർന്ന് വരകളുടെയും,എഴുത്തിന്റെയും ഉൾക്കരുത്തും, അതു വിടർന്നു വിലസിയത് ആനിമേഷന്റെയും ഫാന്റെസിയുടേയും ആധുനീക കലാ ലോകത്തി ലേക്കായിരുന്നു. അപ്പോഴും കൂടെക്കൊണ്ടു നടന്ന സിനിമ പതുക്കെ രൂപം കൊള്ളുകയായിരുന്നു. വർഷമേഘങ്ങൾക്കു ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളിടത്തു മഴ പെയ്യിക്കാം. എന്നതു പോലെയാണ് അകനാനൂറിലെ കഥാ സങ്കൽപ്പങ്ങളുടെ ചിന്തകൾ ഷൈബു മുണ്ടക്കൽ യൂണിവേഴ്സൽ ക്യാൻവാസിൽ ഫ്രെയിം ചെയ്തിരിക്കുന്നത്.

അകനാനൂറിലെ ശിവതാണ്ഡവനൃത്തം സ്വീകരിച്ചിരിക്കുന്നതു തന്നെ പ്രപഞ്ചനൃത്തമായാണ്. അതിന്റെ അടരുകളും,ഓംകാരനാദവും ദിഗന്ദങ്ങൾ ഭേദിക്കുന്നു.ശിവസങ്കൽങ്ങളായ ശൂലം, കപോലം,കടുംതുടി, രുദ്രാക്ഷം തുടങ്ങിയ ലോകൈക ബിംബങ്ങളിൽ മെനഞ്ഞെടുത്ത ഗാനത്തിന്റെ വരികൾ എഴുതിയിരിക്കുന്നതും ഷൈബുമുണ്ടക്കൽ ആണ്. ഏഴരമിനിട്ടു ദൈർഘ്യമുള്ള പാട്ടിന്റെ ഓർക്കസ്ട്രഷൻ നിർവ്വഹിച്ചിരിക്കുന്നത് അതതു മേഖലകളിൽ ലോക പ്രശസ്തരായ സംഗീതജ്ഞരാണ്. താണ്ഡവ ഗാനത്തിനായി ദഫ് പ്ലേ ചെയ്തതു ലോകപ്രശസ്ത ഇറാനിയൻ ദഫ് വാദകയായ അസൽ മലേകസ്ദായാണ്. അവരുടെ വാദനം എല്ലാവരേയും അത്ഭുതപ്പെടുത്തി. താണ്ഡവ നൃത്തത്തിന്റെ അകമ്പടിയോടെ വരുന്ന ഗാനപശ്ചാത്തലവും ആ കലാകാരിയെ ആവേശം കൊള്ളിച്ചു. അകനാനൂറിന്റെ കഥാപശ്ചത്തലവും അവരെ അത്ഭുതപ്പെടുത്തി. ഗാനത്തിനുവേണ്ട ഇന്ത്യൻശൈലികളും ദഫിൽ പ്രയോഗിച്ചിട്ടുണ്ട്. ലോകപ്രശസ്ത ഉപകരണ വാദകരുടെ നിരയിൽ പ്രമുഖസ്ഥാനമുള്ള അസ്സൽ മലേക് സാദേയുടെ ഈ ഗാനത്തിനായുള്ള ഒത്തുചേരൽ പ്രപഞ്ചനൃത്തമെന്ന ആശയത്തിന്റെ പ്രതിധ്വനി അവരുടെ കൈവിരലുകളിൽ നിന്നും എല്ലാ അർത്ഥത്തിലും താളത്തിലും ഉയർന്നു കേട്ടതുതന്നെ തൃപ്തിപ്പെടുത്തിയെന്നു സംവിധായകനായ കെ.ഡി.ഷൈബു മുണ്ടക്കൽ പറഞ്ഞു.

# ഹെലികോപ്റ്ററിൽ ഒരേ ദിവസം മൂന്നിടങ്ങളിൽ പറന്നിറങ്ങി ടോവിനോയും കൂട്ടരും; ഗംഭീര പ്രൊമോഷനുമായി 'ഐഡന്റിറ്റി'

മലയാളികളുടെ പ്രിയ താരം ടൊവിനോ തോമസും തെന്നിന്ത്യൻ നായിക തൃഷ കൃഷ്ണയും ആദ്യമായ് നായകനും നായികയുമായ് എത്തുന്ന ഇൻവെസ്റ്റിഗേഷൻ ക്രൈം ത്രില്ലർ ചിത്രം 'ഐഡന്റിറ്റി' പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന സിനിമയാണ്. ചിത്രത്തിന്റെ പ്രൊമോഷന്റെ ഭാഗമായി കഴിഞ്ഞ ദിവസം പ്രേക്ഷകരെ കാണാനായ് ടീം 'ഐഡന്റിറ്റി' തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ വന്നിരുന്നു.

രാവിലെ 11 മണിക്ക് തൃശൂർ ഹൈലൈറ്റ് മാളിലും ഉച്ചക്ക് 3 മണിക്ക് കോട്ടയം ലുലു മാളിലും വൈകിട്ട് 6 മണിക്ക് തിരുവനന്തപുരം ലുലുമാളിലും ഹെലികോപ്ടറിൽ എത്തിയ താരങ്ങൾക്ക് ഗംഭീര സ്വീകരണമാണ് പ്രേക്ഷകരിൽ നിന്നും ലഭിച്ചത്. ടൊവിനോ തോമസും വിനയ് റായുംചിത്രത്തിന്റെ സംവിധായകരുമാണ് ചടങ്ങിൽ പങ്കെടുത്തത്.

ബ്ലോക്ക്ബസ്റ്റർ ചിത്രം 'ലിയോ'ക്ക് ശേഷം തൃഷ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിലെ മറ്റ് സുപ്രധാന വേഷങ്ങൾ തമിഴ് നടൻ വിനയ് റായിയും ബോളീവുഡ് താരം മന്ദിര ബേദിയുമാണ് കൈകാര്യം ചെയ്യുന്നത്. റൊമാന്റിക് വേഷങ്ങളിലൂടെ പ്രേക്ഷക മനസ്സ് കീഴടക്കിയ താരങ്ങൾ ഇത്തവണ എത്തുന്നത് പ്രേക്ഷകരെ ഞെട്ടിക്കുന്ന വേഷപ്പകർച്ചയിലും ഭാവപ്രകടനങ്ങളോടും കൂടിയാണ്. രാഗം മൂവിസിന്റെ ബാനറിൽ രാജു മല്യത്തും കോൺഫിഡന്റ് ഗ്രൂപ്പിന്റെ ബാനറിൽ ഡ്യ. റോയി സി ജെയും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. അഖിൽ പോളും അനസ് ഖാനുമാണ് സംവിധായകർ. യു/എ സർട്ടിഫിക്കറ്റോടെ 2025 ജനുവരി 2ന് റിലീസ് ചെയ്യുന്ന ചിത്രം ശ്രീ ഗോകുലം മൂവിസിന് വേണ്ടി ഡ്രീം ബിഗ് ഫിലിംസ് തീയേറ്ററുകളിലെത്തിക്കും.

ചിത്രത്തിന്റെ ബുക്കിങ് ആരംഭിച്ചു. 'ഐഡന്റിറ്റി'യിൽ അലൻ ജേക്കബ് എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ വേഷത്തിലാണ് വിനയ് റായ് പ്രത്യക്ഷപ്പെടുന്നത്. 2007ൽ പുറത്തിറങ്ങിയ 'ഉന്നാലെ ഉന്നാലെ' എന്ന പ്രണയ ചിത്രത്തിലൂടെ സിനിമയിൽ അരങ്ങേറ്റം കുറിച്ച താരം വ്യത്യസ്തമായ നിരവധി കഥാപാത്രങ്ങൾ ഇതിനോടകം അവതരിപ്പിച്ചിട്ടുണ്ട്. താരത്തിന്റെ ഒടുവിലായ് പുറത്തിറങ്ങിയ 'ഗാന്ധിവധാരി അർജുന'യും 'ഹനുമാൻ'നും വലിയ രീതിൽ സ്വീകാര്യത നേടിയിരുന്നു. മമ്മൂട്ടി ചിത്രം 'ക്രിസ്റ്റാഫർ'ൽ പ്രതിനായക കഥാപാത്രത്തെ അവതരിപ്പിച്ച് നേരത്തെ തന്നെ താരം മലയാളത്തിൽ ചുവടുറപ്പിച്ചതാണ്.

നീണ്ട 6 വർഷത്തിന് ശേഷം തൃഷ മലയാളത്തിലേക്ക് തിരിച്ചെത്തുമ്പോൾ ഇരു കരങ്ങളും നീട്ടി സ്വീകരിക്കാനുള്ള ഒരുക്കത്തിലാണ് മലയാളികൾ. ചിത്രത്തിൽ പ്രൈം വിറ്റ്നസായിട്ടാണ് താരം വേഷമിടുന്നത്. ആലിഷ എന്നാണ് കഥാപാത്രത്തിന്റെ പേര്. 2018ൽ നിവിൻ പോളിയെ നായകനാക്കി ശ്യാമപ്രസാദിന്റെ സംവിധാനത്തിലെത്തിയ 'ഹേയ് ജൂഡ്'ആണ് തൃഷയുടെ ആദ്യ മലയാള സിനിമ. വിരലിലെണ്ണാവുന്ന സിനിമകളിൽ അഭിനയിച്ച് പ്രേക്ഷകശ്രദ്ധ ആകർഷിച്ച താരമാണ് മന്ദിര ബേദി. 2019ൽ പുറത്തിറങ്ങിയ പ്രഭാസ് ചിത്രം 'സഹോ'യാണ് താരത്തിന്റെ ഒടുവിലായ് തിയറ്റർ റിലീസ് ചെയ്ത ചിത്രം.

ദൂരദർശനിൽ വർഷങ്ങൾക്ക് മുൻപ് പ്രക്ഷേപണം ചെയ്ത 'ശാന്തി' എന്ന മെഗാ സീരിയലിലൂടെ വൻ ജനപ്രീതി നേടിയ താരമാണ് മന്ദിര ബേദി. സുപ്രിയ എന്ന കഥാപാത്രത്തെയാണ് മന്ദിര ഐഡൻറിറ്റിയിൽ അവതരിപ്പിക്കുന്നത്. 'ഫോറെൻസിക്'ന് ശേഷം ടോവിനോ തോമസ്-അഖിൽ പോൾ-അനസ് ഖാൻ കൂട്ടുകെട്ടിൽ ഒരുങ്ങുന്ന ഈ സിനിമയുടെ ഛായാഗ്രാഹണം അഖിൽ ജോർജാണ് നിർവഹിക്കുന്നത്.

സംഗീതവും പശ്ചാത്തല സംഗീതവും ജേക്സ് ബിജോയിയുടെതാണ്. സിനിമയുടെ പശ്ചാത്തലം ട്രെയിലറിൽ നിന്ന് വ്യക്തമാണെങ്കിലും കഥാഗതിയിലെ വഴിത്തിരിവാണ് പ്രേക്ഷകർക്കറിയേണ്ടത്. സംവിധായകരായ അഖിൽ പോളും അനസ് ഖാനും തന്നെയാണ് തിരക്കഥ രചിച്ചത്. അജു വർഗീസ്, ഷമ്മി തിലകൻ, അർജുൻ രാധാകൃഷ്ണൻ, വിശാഖ് നായർ, അർച്ചന കവി തുടങ്ങിയവരാണ് മറ്റ് താരങ്ങൾ.



ബിഗ് ബജറ്റിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ ആൾ ഇന്ത്യ വിതരണാവകാശം റെക്കോർഡ് തുകക്ക് ശ്രീ ഗോകുലം മൂവിസ് സ്വന്തമാക്കിയപ്പോൾ ജിസിസി വിതരണാവകാശം കരസ്ഥമാക്കിയത് ഫാഴ്സ് ഫിലിംസാണ്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്: നിതിൻ കുമാർ, പ്രദീപ് മൂലേത്തറ, ചിത്രസംയോജനം: ചമൻ ചാക്കോ, സൗണ്ട് മിക്സിങ്: എം ആർ രാജാകൃഷ്ണൻ, സൗണ്ട് ഡിസൈൻ: സിങ്ക് സിനിമ, പ്രൊഡക്ഷൻ ഡിസൈൻ: അനീഷ് നാടോടി, ആർട്ട് ഡയറക്ടർ: സാബി മിശ്ര, വസ്ത്രാലങ്കാരം: ഗായത്രി കിഷോർ, മാലിനി, മേക്കപ്പ്: റോണക്സ് സേവ്യർ, കോപ്രൊഡ്യൂസേഴ്സ്: ജി ബിന്ദു റാണി മല്യത്ത്, കാർത്തിക് മല്യത്ത്, കൃഷ്ണ മല്യത്ത്, ആക്ഷൻ കൊറിയോഗ്രാഫി: യാനിക്ക് ബെൻ, ഫീനിക്സ് പ്രഭു, പ്രൊഡക്ഷൻ കണ്ട്രോളർ: ജോബ് ജോർജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബോബി സത്യശീലൻ, സുനിൽ കാര്യാട്ടുകര, ഫസ്റ്റ് അസോസിയേറ്റ് ഡയറക്ടർ: അഭിൽ ആനന്ദ്, ലൈൻ പ്രൊഡ്യൂസർ: പ്രധ്വി രാജൻ, വിഎഫ്എക്സ്: മൈൻഡ്സ്റ്റീൻ സ്റ്റുഡിയോസ്, ലിറിക്സ്: അനസ് ഖാൻ, ഡിഐ: ഹ്യൂസ് ആൻഡ് ടോൺസ്, കളറിസ്റ്റ്: ഷണ്മുഖ പാണ്ഡ്യൻ എം, സ്റ്റിൽസ്: ജാൻ ജോസഫ് ജോർജ്, ഷാഫി ഷക്കീർ, ഡിസൈൻ: യെല്ലോ ടൂത്ത്, ഡിജിറ്റൽ പ്രൊമോഷൻസ്: അഭിൽ വിഷ്ണു, അക്ഷയ് പ്രകാശ്, പിആർ ഒ & മാർക്കറ്റിംഗ്: വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് 50-ാം വർഷത്തിലേക്ക്: സുവർണ്ണ ജൂബിലി ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു



സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സുവർണ ജൂബിലി ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു

സംസ്ഥാന ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിൽ 1975 ൽ സ്ഥാപിതമായ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് 50 വർഷത്തെ സേവന നിറവിൽ. സുവർണ്ണ ജൂബിലി പരിപാടികളുടെ ഭാഗമായി പുറത്തിറക്കിയ ലോഗോയുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി രത്തൻ യു കേൽക്കർ, ഭൂവിനിയോഗ ബോർഡ് കമ്മിഷ്ണർ യാസ്മിൻ എൽ റഷീദ്, ഡപ്യൂട്ടി ഡയറക്ടർ (അഗ്രി) അജി എസ് എന്നിവർ പ്രകാശന ചടങ്ങിൽ സന്നിഹിതരായി. സംസ്ഥാനത്ത് നിലവിലുള്ള ഭൂവിനിയോഗം അവലോകനം ചെയ്യുകയും ഫലപ്രദമായ വിധത്തിൽ ഭൂമി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് ഭൂവിനിയോഗ ബോർഡിന്റെ ലക്ഷ്യം. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രകൃതി വിഭവ സംരക്ഷണത്തിലൂന്നിയുള്ള പദ്ധതികളും ബോധവത്കരണ പരിപാടികളും ഉൾപ്പടെ ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളാണ് വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ തുടക്കമായി 2025 ജനുവരി 6 ന് 'തെങ്ങ് അധിഷ്ഠിത ഭൂവിനിയോഗവും മാറുന്ന കാലാവസ്ഥയും' എന്ന വിഷയത്തിൽ തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ വച്ച് ഏകദിന സെമിനാർ സംഘടിപ്പിക്കും. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ മന്ത്രിമാർ, എം.എൽ.എമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ, ഉന്നത ഉദ്യോഗസ്ഥർ, വിഷയവുമായി ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധർ, ജനപ്രതിനിധികൾ, കർഷകർ തുടങ്ങിയവർ പങ്കെടുക്കും.



# തിരുവനന്തപുരം അതിരൂപതയിൽ ജൂബിലി വർഷത്തിന് തുടക്കമായി

പാളയം: അഗോള സഭയിൽ 2025 വർഷം ജൂബിലി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ലത്തീൻ അതിരൂപതയിലും ജൂബിലി വർഷാചരണത്തിന് തുടക്കമായി. അതിരൂപതാദ്ധ്യക്ഷൻ തോമസ് ജെ. നെറ്റോ മെത്രാന്റെ മുഖ്യ കാർമികത്വത്തിൽ സെന്റ് ജോസഫ് മെട്രോപൊളിറ്റൻ കത്തീഡ്രൽ ദേവാല യത്തിൽ നടന്ന തിരുകർമ്മങ്ങളുടെ മദ്ധ്യേ ജൂബിലി ലോഗോ പ്രകാശനം ചെയ്തുകൊണ്ടാണ് ജൂബിലി വർഷത്തിന് തുടക്കംകുറിച്ചത്. ഇതിന് മുന്നോടിയായി പാളയം കത്തീട്രൽ ദേവാലയത്തിലെ വേളാങ്കണ്ണി മാതാ കുരിശടിയിൽ ഫ്രാൻസീസ് പാപ്പായുടെ ജൂബിലി വിളംബരം അതിരൂപതാ ചാൻസിലർ ഫാദർ ജോസ് ജി. വായിച്ചു. തുടർന്ന് ജൂബിലി പ്രയാണത്തിനുള്ള കുരിശ് രൂപവുമേന്തി പ്രദക്ഷിണമായി കത്തീട്രൽ ദേവാലയത്തിലെ പ്രധാന കവാടത്തിലൂടെ പ്രവേശിച്ചാണ് ജൂബിലി ദിവ്യബലിക്ക് ആരംഭം കുറിച്ചത്. ദിവ്യബലി മദ്ധ്യേ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ജൂബിലി ലോഗോ തോമസ് ജെ. നെറ്റോ പിതാവ് പ്രകാശനം ചെയ്തു. 'വിശുദ്ധ കൊച്ചുത്രേസ്യയുടെ കരം പിടിച്ച് പ്രത്യാശയുടെ തീർത്ഥാടകരാകാം' എന്നതാണ് ആപ്തവാക്യം . പ്രദേശിക സഭയായ അതിരൂപതയുടെ മദ്ധ്യസ്ഥയായ വിശ്രുദ്ധ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശദാബ്തിയോടനുബന്ധിച്ചാണ് ഈ വാക്യം തെരഞ്ഞെടുത്തത്. പ്രത്യശയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രത്യശയുടെ തീർത്ഥാടനം കുടുംബങ്ങളിൽ നിന്ന് ആരംഭിക്കണം എന്നും ബിഷപ്പ് തോമസ് ജെ. നെറ്റോ പറഞ്ഞു. തുടർന്ന്അതിരൂപതാ വികാർ ജനറൽ ഫാ. യൂജിൻ പെരേര എല്ലാവർക്കും നന്ദി പറഞ്ഞു. പാളയം ഇടവക വികാരി ഫാദർ വിൽഫ്രസ് 60-ാംജന്മദിനമാഘോഷിച്ച നറ്റോ പിതാവിന് ആദരവ് അർപ്പിച്ചു. 2025 ജനുവരി 5-ന് ഇടവകകളിൽ ജൂബിലി വർഷചരണത്തിന് തുടക്കംകുറിക്കും.

## കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സംഭവം; ധനസഹായം പ്രഖ്യാപിച്ചു

തിരുവനന്തപുരം: കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ഇടുക്കി വണ്ണപ്പുറം സ്വദേശി അമർ ഇബ്രാഹിമിന്റെ കുടുംബത്തിന് സർക്കാർ ധനസഹായം പ്രഖ്യാപിച്ചു. പത്തു ലക്ഷം രൂപ ഉടൻ കൈമാറുമെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു കോതമംഗലം ഡിവിഷനിൽ മുള്ളരിങ്ങാട് റേഞ്ചിലെ അമയൽതൊട്ടി ഭാഗത്ത് മേയാൻവിട്ട പശുവിനെ അന്വേഷിച്ചു പോയപ്പോഴാണ് അമറിനെ കാട്ടാന ആക്രമിച്ചത്. സംഭവത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കുടുംബത്തിന് നാല് ലക്ഷം രൂപ നൽകുമെന്ന് ഡീൻ കുര്യാക്കോസ് എംപിയും അറിയിച്ചു. പ്രദേശത്ത് കൂടുതൽ വനം വകുപ്പ് ഉദ്യോഗസ്ഥരെ നിയോഗിക്കും. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

ഫെൻസിംഗ് ഉൾപ്പെടെ വേഗത്തിൽ നടപ്പാക്കാൻ സിസിഎഫ് തലത്തിൽ ചർച്ച നടത്തുമെന്നും എംപി അറിയിച്ചു.അമറിന്റെ സംസ്കാരം ഇന്ന് നടത്തും.

## ശ്രീലങ്കയ്ക്കെതിരായ ടി20 പരന്പര നേടി ന്യൂസിലൻഡ്

വെല്ലിംഗ്ടൺ: ശ്രീലങ്കയ്ക്കെതിരായ ടി20 പരന്പര സ്വന്തമാക്കി ന്യൂസിലൻഡ്. ഇന്ന് നടന്ന രണ്ടാം മത്സരത്തിലും വിജയിച്ചതോടെയാണ് കിവീസ് മൂന്ന് മത്സരങ്ങളുടെ പരന്പര നേടിയത്.രണ്ടാം മത്സരത്തിൽ 45 റൺസിനാണ് കിവീസ് വിജയിച്ചത്. ന്യൂസിലൻഡ് ഉയർത്തിയ 187 റൺസ് പിന്തുടർന്ന ശ്രീലങ്ക 141 റൺസിന് പുറത്തായി. 48 റൺസെടുത്ത കുശാൽ പെരേരയ്ക്ക് മാത്രമാണ് ലങ്കൻ നിരയിൽ തിളങ്ങാനായത്. പതും നിസംഗ 37ഉം നായകൻ ചരിത് അസലങ്ക 20 ഉം റൺസെടുത്തു.

ന്യൂസിലൻഡിന് വേണ്ടി ജേക്കബ് ഡഫി നാല് വിക്കറ്റുകൾ വീഴ്ത്തി. മാറ്റ് ഹെൻറിയും മിച്ചൽ സാൻറ്നറും രണ്ട് വിക്കറ്റ് വീതം എടുത്തു. സകറി ഫോൽക്സും മൈക്കൽ ബ്രെയ്സ്വെല്ലും ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് അഞ്ച് വിക്കറ്റ് നഷ്ടത്തിലാണ് 186 റൺസ് എടുത്തത്. ടിം റോബിൻസണിന്റെയും മാർക്ക് ചാപ്മാന്റെയും മിച്ചൽ ഹേയുടെയും മികവിലാണ് കിവീസ് മികച്ച സ്കോർ നേടിയത്. റോബിൻസണും ഹേയും 41 റൺസും ചാപ്മാൻ 42 റൺസും എടുത്തു.ശ്രീലങ്കയ്ക്ക് വേണ്ടി വനിന്ദു ഹസരങ്ക രണ്ടും നുവാൻ തുഷാരയും മതീഷ പതിരണയും ഓരോ വിക്കറ്റ് വീതവും വീഴ്ത്തി. ന്യൂസിലൻഡ് താരം ഡാരൽ മിച്ചൽ റൺ ഔട്ടായി.മിച്ചൽ ഹേയാണ് മത്സരത്തിലെ താരം. ശനിയാഴ്ച നടന്ന ആദ്യ മത്സരത്തിൽ ന്യൂസിലൻഡ് എട്ട് വിക്കറ്റിന് വിജയിച്ചിരുന്നു.

## ഉമാ തോമസിന് പരിക്കേറ്റ സംഭവം; സ്റ്റേജ് നിർമാണത്തിൽ പിഴവുണ്ടായെന്ന് പോലീസ്

കൊച്ചി: ഉമാ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ സംഭവത്തിൽ സ്റ്റേജ് നിർമാണത്തിലും സംഘാടനത്തിലും പിഴവുണ്ടായെന്ന് കൊച്ചി ഡിസിപി കെ.സുദർശൻ.വിശദമായ പരിശോധനകൾക്ക് ശേഷം തുടർനടപടികൾ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.കലൂർ സ്റ്റേഡിയത്തിലെ ഗാലറിയിൽ നിന്ന് വീണ് ഉമ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ സംഭവത്തിൽ പാലാരിവട്ടം പോലീസ് കേസെടുത്തു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നൃത്ത പരിപാടി നടത്തിയതിന് സംഘാടകർക്കെതിരെയാണ് കേസെടുത്തത്.

സ്റ്റേജ് നിർമാണ കരാറുകാർക്കെതിരെയും എഫ് ഐ ആർ രജിസ്റ്റർ ചെയ്തു. ശനിയാഴ്ച രാത്രി തന്നെ കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസ് അപകടമുണ്ടായ സ്ഥലം പരിശോധിച്ചിരുന്നു. 12 അടി ഉയരത്തിലാണ് ഗാലറി ക്രമീകരിച്ചത്. 55 അടി നീളമുള്ള സ്റ്റേജിൽ എട്ട് അടി വീതിയിലാണ് കസേരകൾ ഇടാൻ സ്ഥലമൊരുക്കിയത്.ദുർബലമായ ക്യൂ ബാരിയേർസ് ഉപയോഗിച്ചായിരുന്നു മുകളിൽ കൈവരിയൊരുക്കിയതെന്നും പോലീസ് കണ്ടെത്തിയിരുന്നു.

## ഉമാ തോമസ് അപകടനില തരണം ചെയ്തെന്ന് പറയാറായിട്ടില്ലെന്ന് മെഡിക്കൽ ബുള്ളറ്റിൻ

കൊച്ചി: ഉമാ തോമസ് എംഎൽഎയുടെ തലച്ചോറിനുണ്ടായ ക്ഷതത്തിന്റെ അവസ്ഥ കൂടുതൽ ഗുരുതരമായിട്ടില്ലെന്ന് മെഡിക്കൽ ബുള്ളറ്റിൻ. ആന്തരിക രക്തസ്രാവം കൂടിയിട്ടില്ല. എന്നാൽ അപകടനില തരണം ചെയ്തെന്ന് പറയാറായിട്ടില്ലെന്ന് റിനെ മെഡിസിറ്റി പുറത്തിറക്കിയ മെഡിക്കൽ ബുള്ളറ്റിനിൽ പറയുന്നു.

ശ്വാസകോശത്തിലെ ചതവുകൾ അൽപം കൂടിയിട്ടുണ്ട്. ഇത് മാറാൻ സമയമെടുക്കും. ചതവ് പരിഹരിക്കാൻ ആൻറിബയോട്ടിക് ചികിത്സ നൽകും.

കൂടുതൽ ദിവസം വെൻറിലേറ്ററിൽ തുടരേണ്ടി വരും. വയറിന്റെ സ്കാനിംഗിൽ കൂടുതൽ പ്രശ്നങ്ങളില്ല. ഇപ്പോൾ ചെയ്യുന്ന ചികിത്സാരീതി തുടരും.

നേരത്തെ തന്നെ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഹൃദയത്തിന് നേരത്തെ തന്നെ സ്റ്റെൻറ് ഇട്ടിട്ടുണ്ട്. അതിന്റെ മരുന്ന് കഴിക്കുന്നത് കൊണ്ടാണ് കൂടുതൽ രക്തസ്രാവം ഉണ്ടായത്. മറ്റ് അവയവങ്ങൾക്ക് ഏറ്റ പരിക്ക് ഭേദമാകുന്ന മുറയ്ക്ക് തലച്ചോറിനേറ്റ പരിക്ക് ഭേദമാവുകയുള്ളുവെന്നും മെഡിക്കൽ സംഘം അറിയിച്ചു.

## നടൻ ദിലീപ് ശങ്കറിന്റെ മരണകാരണം ആന്തരിക രക്തസ്രാവം; പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്ത്

തിരുവനന്തപുരം: ഹോട്ടലിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയ നടൻ ദിലീപ് ശങ്കറിന്റെ മരണ കാരണം ആന്തരിക രക്തസ്രാവമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. കരൾ രോഗത്തെ തുടർന്നുള്ള രക്ത സ്രാവമോ, നിലത്ത് വീണുണ്ടായ ക്ഷതമോ ആകാമെന്നാണ് നിഗമനം. മൃതദേഹം അഴുകിയ നിലയിലായതിനാൽ രാസകെമിക്കൽ പരിശോധ ഫലം വന്നാൽ മാത്രമേ കൃത്യമായ കാരണം അറിയാനാകൂ.അതേസമയം ദിലീപ് ശങ്കറിന്റെ മരണം ആത്മഹത്യയല്ലെന്ന് പോലീസ് നേരത്തെ അറിയിച്ചിരുന്നു.

ദിലീപ് ശങ്കർ മുറിയിൽ തലയിടിച്ച് വീണെന്നും ഇതു മൂലം ഉണ്ടായ ആന്തരിക രക്തസ്രാവം ആകാം മരണത്തിലേക്ക് നയിച്ചതെന്നുമായിരുന്നു പോലീസ് നിഗമനം.ഞായറാഴ്ചയാണ് തിരുവനന്തപുരം വാൻറോസ് ജംഗ്ഷനിലെ സ്വകാര്യ ഹോട്ടലിൽ ദിലീപ് ശങ്കറിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. സീരിയൽ അഭിനയത്തിനായാണ് ദിലീപ് ഹോട്ടലിൽ മുറിയെടുത്തത്.

മൃതദേഹത്തിന് രണ്ടു ദിവസത്തിലേറെ പഴക്കമുണ്ടായിരുന്നു.സംഭവവുമായി ബന്ധപ്പെട്ട് ഹോട്ടൽ ജീവനക്കാരുടെ മൊഴി ഉൾപ്പെടെ രേഖപ്പെടുത്തിയിരുന്നു. ഫോറൻസിക് സംഘം മുറിയിൽ നടത്തിയ വിശദമായ പരിശോധനയിൽ അസ്വാഭാവികത ഒന്നും കണ്ടെത്താനായിരുന്നില്ല. കരൾ രോഗത്തിനുള്ള മരുന്ന് ഈ മുറിയിൽ നിന്ന് കണ്ടെത്തിയിരുന്നു.

## ക്രെഡിൽ നിന്ന് 12.5 കോടി തട്ടിയെടുത്ത കേസ്; നാലുപേർ പിടിയിൽ

ബംഗളൂരു: ക്രെഡിറ്റ് കാർഡ് പേയ്മെൻറ് പ്ലാറ്റ്ഫോമായ ക്രെഡിൽ നിന്ന് 12.5 കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ നാല് പേർ അറസ്റ്റിൽ. ആക്സിസ് ബാങ്കിന്റെ റിലേഷൻഷിപ്പ് മാനേജർ വൈഭവ് പിട്ടാഡിയ, നേഹ ബെൻ, ശൈലേഷ്, ശുഭം എന്നിവരാണ് അറസ്റ്റിലായത്.

ആക്സിസ് ബാങ്കിന്റെ ബംഗളൂരുവിലെ ഇന്ദിരാ നഗർ ശാഖയിലെ കോർപറേറ്റ് അക്കൗണ്ടിലൂടെയാണ് തട്ടിപ്പ് നടന്നതെന്ന് പോലീസ് പറഞ്ഞു. പ്രധാന അക്കൗണ്ടിൽ നിന്ന് 12.5 കോടി രൂപ ഗുജറാത്തിലേയും രാജസ്ഥാനിലേയും 17 ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതായും പോലീസ് കണ്ടെത്തി.

പിടിയിലായവരെല്ലാം ഗുജറാത്ത് സ്വദേശികളാണ്. കഴിഞ്ഞ നവംബറിലാണ് തട്ടിപ്പു വിവരം പുറത്തറിഞ്ഞത്.

# റാപ്പിഡ് ക്വീൻ; കൊനേരു ഹംപിക്ക് വീണ്ടും ലോക റാപ്പിഡ് ചെസ് കിരീടം

ന്യൂയോർക്ക്: ലോക ചെസ് ചാന്പ്യൻഷിപ്പുകളിൽ ഇന്ത്യൻ താരങ്ങളുടെ പടയോട്ടം തുടരുന്നു. 2024 ഫിഡെ ലോക ചാന്പ്യൻ പട്ടം ഡി. ഗുകേഷ് സ്വന്തമാക്കിയതിന്റെ ആവേശം കെട്ടടങ്ങുന്നതിനു മുന്പ് മറ്റൊരു ലോക കിരീടം ഇന്ത്യയിലേക്ക്.2024 ഫിഡെ ലോക റാപ്പിഡ് ചെസ് വനിതാ വിഭാഗത്തിൽ കൊനേരു ഹംപിയാണ് ഇന്ത്യയിലേക്ക് ഈ വർഷത്തെ മറ്റൊരു കിരീടം എത്തിച്ചത്. ഇതോടെ 2024ൽ ഇന്ത്യക്ക് ചെസ് ഒളിന്പ്യാഡ് സ്വർണം അടക്കം മൂന്നു ലോക കിരീടങ്ങളായി.11 റൗണ്ട് പോരാട്ടത്തിൽ 8.5 പോയിൻറ് നേടിയാണ് ആന്ധ്ര പ്രദേശുകാരിയായ കൊനേരു ഹംപി ലോക റാപ്പിഡ് ചാന്പ്യൻഷിപ്പിൽ ജേതാവായത്. മുപ്പത്തേഴുകാരിയായ കൊനേരു ഹംപി ഇതു രണ്ടാം തവണയാണ് ലോക റാപ്പിഡ് ചെസ് ചാന്പ്യൻഷിപ്പിൽ ജേതാവാകുന്നതെന്നതും ശ്രദ്ധേയം. 2019ലാണ് ആദ്യമായി ഹംപി റാപ്പിഡ് ചെസിന്റെ ലോക ക്വീൻ പട്ടത്തിൽ ആദ്യമായെത്തിയത്.2023 ഫിഡെ ലോക റാപ്പിഡ് വനിതാ കിരീടം ടൈബ്രേക്കറിലൂടെ നഷ്ടപ്പെട്ടതിന്റെ നഷ്ടം കൊനേപു ഹംപി ഇത്തവണ നികത്തി. 2023ൽ 11 റൗണ്ട് പൂർത്തിയായപ്പോൾ കൊനേപു ഹംപിയും റഷ്യയുടെ അനസ്തസ്യ ബോഡ്നരുക്കും 8.5 പോയിൻറുമായി തുല്യതയിലായിരുന്നു. തുടർന്നു നടന്ന ടൈബ്രേക്കറിൽ ജയിച്ച് അനസ്തസ്യ ചാന്പ്യൻ പട്ടം കരസ്ഥമാക്കി.ഇത്തവണ 10 റൗണ്ട് പൂർത്തിയായപ്പോൾ കൊനേരു ഹംപി, 11-ാം റൗണ്ടിൽ ഹംപിയുടെ എതിരാളി ഐറിൻ ഖരിഷ്മ എന്നിവരടക്കം ഏഴു കളിക്കാർ 7.5 പോയിൻറുമായി തുല്യതയിലായിരുന്നു. 11-ാം റൗണ്ടിൽ ഇന്തോനേഷ്യൻ ഗ്രാൻഡ് മാസ്റ്ററായ ഐറിൻ ഖരിഷ്മ സുഖന്ദറിനെ തോൽപ്പിച്ച് 8.5 പോയിൻറോടെ കൊനേരു ചാന്പ്യൻ പട്ടം കരസ്ഥമാക്കി.ജീൻസ് ഇട്ട കാൾസൻ ഔട്ട്!

പുരുഷ വിഭാഗത്തിൽ ലോക ഒന്നാം നന്പറായ നോർവെയുടെ മാഗ്നസ് കാൾസൻ ആയിരുന്നു റാപ്പിഡ് ചെസിൽ നിലവിലെ ചാന്പ്യൻ. എന്നാൽ, 2024 ടൂർണമെൻറിന്റെ ഒന്പതാം റൗണ്ടിൽ കാൾസൻ പ്രതിഷേധിച്ച് പുറത്തുപോയി. ഡ്രസ് കോഡ് തെറ്റിച്ചതിനു പിഴ ഇട്ടതിനു പിന്നാലെയായിരുന്നു കാൾസൻ ഫിഡെ ലോക റാപ്പിഡ് ചെസ് ടൂർണമെൻറിൽനിന്നും പിന്നാലെ നടക്കേണ്ട ബ്ലിറ്റ്സ് ചാന്പ്യൻഷിപ്പിൽനിന്നും പ്രതിഷേധിച്ച് പുറത്തുപോയത്.ജീൻസ് ഇട്ട് മത്സരത്തിന് എത്തിയതായിരുന്നു കാൾസൻ ചെയ്ത കുറ്റം. എട്ട് റൗണ്ട് പൂർത്തിയായപ്പോൾ അഞ്ചു പോയിൻറായിരുന്നു കാൾസന്. കാൾസൻ മാത്രമല്ല, റഷ്യയുടെ ഇയാൻ നിപോംനിഷിക്കും പിഴശിക്ഷ ലഭിച്ചിരുന്നു. നിപോംനിഷി സ്പോർട്സ് ഷൂ ധരിച്ചതിനായിരുന്നു പിഴശിക്ഷ ലഭിച്ചത്.

ഏതായാലും പുരുഷ വിഭാഗം 2024 ലോക റാപ്പിഡ് ചെസ് ചാന്പ്യനായത് റഷ്യയുടെ പതിനെട്ടുകാരൻ വൊലോഡർ മുർസിനാണ്. 13 റൗണ്ട് പോരാട്ടത്തിൽ 10 പോയിൻറ് നേടിയാണ് മുൻസിൻ 2024 ഫിഡെ ലോക റാപ്പിഡ് ഓപ്പൺ വിഭാഗം ചാന്പ്യനായത്. റഷ്യക്കാരായ നിപോംനിഷിയും അലക്സാണ്ടർ ഗ്രിഷ്ചുക്കും 9.5 പോയിൻറുമായി രണ്ടാമത് ഫിനിഷ് ചെയ്തു.

## സൗജന്യ അഭിമുഖ പരിശീലനം

യു.പി.എസ്.സി 2024-ൽ നടത്തിയ സിവിൽ സർവീസ് മെയിൻസ് പരീക്ഷ പാസായി അഭിമുഖത്തിന് യോഗ്യത നേടിയ കേരളത്തിൽ നിന്നുള്ള ഉദ്യോഗാർഥികൾക്കായി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി അഡോപ്ഷൻ സ്കീം പ്രകാരം പ്രഗത്ഭരായ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് സൗജന്യ അഭിമുഖ പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക്: 8281098863, 8281098861.

